## വഴിവെളിച്ചം

# ഏകാധിപത്യവും സദാചാരഭ്രംശവും

عن أبى هريرة رضي الله عنه قال: قال رسُول الله ﷺ : صِنْفَانِ مِنْ أَهْلِ النّارِ لَمْ أَرَهُما قَوْمٌ مَعَهُم سِياطٌ كَأَذْنابِ البَقَرِ يَضْرِبُونَ بِهَا النّاسَ ونساءٌ كَاسِيَاتٌ عَارِياتٌ مُمِيلاتٌ مَائِلاتٌ رؤوسُهن كَأَسْنِمَةِ البختِ المائلة لا يدخلنَ الجنّةَ ولا يجدنَ ريحها وإنّ رِيحها لَيُوجَدُ مِنْ مَسيرَةِ كَذا وكذا

**അബൂഹുറയ്റ(റ)യിൽനിന്ന്: നബി(സ) അരുൾ ചെയ്തു: "രണ്ടു വിഭാഗം നരകാവകാശികളാണ്. ഞാൻ അവരെ കണ്ടിട്ടില്ല. പശുവിന്റെ വാലുകൾ പോലെ ചാട്ടവാറുകൾ കൊണ്ടു നടക്കുന്ന ഒരു വിഭാഗം. ജനങ്ങളെ അവർ അതുകൊണ്ട് അടിച്ചുകൊണ്ടിരിക്കും. വസ്ത്രം ധരിച്ച, നഗ്നകളായ, ആടിക്കുഴയുന്ന, അങ്ങോട്ടുമിങ്ങോട്ടും ചായുന്ന ഒട്ടകത്തിന്റെ പൂഞ്ഞകൾ പോലെ തലകളുള്ള സ്ത്രീകൾ. അവർ സ്വർഗത്തിൽ പ്രവേശിക്കുകയില്ല; അതിന്റെ ഗന്ധം പോലും അനുഭവിക്കുകയില്ല. അതിന്റെ വാസന ഇത്രയും അത്രയുമൊക്കെ ദൂരം അനുഭവപ്പെടുന്നതാണ്."**

**പ്രവാചകന്റെയും** അനുചരന്മാരുടെയും ശ്രേഷ്ഠകാലഘട്ടത്തിനു ശേഷം മുസ്ലിം സമൂഹത്തെ ബാധിക്കുന്ന വിപത്തുകളെയും ജീർണതകളെയും കുറിച്ച് മുന്നറിയിപ്പ് നൽകുന്ന ധാരാളം നബിവചനങ്ങളുണ്ട്. അക്കൂട്ടത്തിൽ ഇക്കാലത്ത് പകൽവെളിച്ചം പോലെ പുലർന്നുകഴിഞ്ഞ രണ്ട് കാര്യങ്ങളെക്കുറിച്ചാണ് മുകളിലുദ്ധരിച്ച ഹദീസ്.

ഏകാധിപത്യവും ധാർമികാധഃപതനവും ഏതൊരു സമൂഹത്തെയും പിടികൂടാനിടയുള്ള ഗുരുതരമായ സാമൂഹിക ദുരന്തങ്ങളാണ്. സ്വതന്ത്രമായി ചിന്തിക്കാനും പെരുമാറാനുമുള്ള അവകാശങ്ങളാണ് ഏകാധിപത്യം കവർന്നെടുക്കുന്നത്. തങ്ങൾ ആഗ്രഹിക്കുന്ന പ്രകാരം മാത്രമേ ജനം ജീവിക്കാൻ പാടുള്ളൂ എന്നും എതിർപ്പുകളോ മറു ശബ്ദങ്ങളോ ഉണ്ടായിക്കൂടെന്നുമുള്ള കർശനമായ താക്കീതുകളാണ് അത്തരം ആളുകളെ നയിക്കുന്നത്. തെറ്റുകുറ്റങ്ങളെ വിമർശിക്കാനോ ചോദ്യംചെയ്യാനോ അവർ അനുവദിക്കുകയില്ല. ഭരണാധികാരി ആഗ്രഹിക്കുന്നതെന്തോ അതാണ് നിയമം; അയാൾക്ക് അനിഷ്ടകരമായിത്തീരുന്നത് നിയമവിരുദ്ധം. ഹലാൽ-ഹറാമുകൾ അയാളുടെ താൽപര്യങ്ങൾക്കനുസരിച്ച് മാറിമറിയും. ഒരു സമൂഹത്തിന്റെ സർഗാത്മക വൈവിധ്യത്തെയും ശക്തിചൈതന്യത്തെയുമെല്ലാം നൂറ്റാണ്ടുകളോളം ഉറക്കിക്കിടത്തുകയാണ് ഇത്തരം ഭരണകൂടങ്ങൾ.

പശുക്കൾക്ക് വാലുകൾ എന്നതുപോലെയാണ് അവർക്ക് അവരുടെ മർദനോപകരണങ്ങൾ. സദാസമയവും അവ അവരുടെ കൂടെയുണ്ടാവും. ചാട്ടവാർ പേടിച്ചാണ് ജനം അവരെ അനുസരിക്കുന്നതും അവർക്കെതിരിൽ മിണ്ടാതിരിക്കുന്നതും. ചാട്ടവാർ താഴെ വെച്ചാൽ അധികാരവും ഭരണവും നഷ്ടപ്പെടുമെന്ന് അവർക്ക് നന്നായറിയാം. ലോകത്തെങ്ങുമുള്ള ഏകാധിപത്യ ഭരണകൂടങ്ങൾ പ്രജകളെ മർദിച്ചൊതുക്കുന്നത് അതുകൊണ്ടാണ്. ഇന്നത്തെ മിക്ക മുസ്ലിം സമൂഹങ്ങളും നേരിടുന്ന അതീവ ഗുരുതരമായ ഒരു പ്രതിസന്ധിയിലേക്കാണ് ഈ പ്രവാചക വചനം വിരൽചൂണ്ടുന്നത്.

ഹദീസിന്റെ രണ്ടാം ഭാഗം ദുർവൃത്തരായ സ്ത്രീകളെക്കുറിച്ചാണ്. വസ്ത്രം ധരിക്കുമെങ്കിലും അവയവ വടിവും സൗന്ദര്യവും അത് മറച്ചുവെക്കുന്നില്ല. 'നഗ്നകൾ' എന്നാണ് അവർക്ക് നൽകിയിരിക്കുന്ന വിശേഷണം. കൊഞ്ചിക്കുഴഞ്ഞും ചിരിച്ചുല്ലസിച്ചും കറങ്ങിനടക്കുന്നവർ. ഇമാം മാലിക് അബൂഹുറയ്റ(റ)യിൽനിന്ന് ഉദ്ധരിക്കുന്ന ഒരു നബിവചനം ഇങ്ങനെയാണ്: "വസ്ത്രം ധരിച്ച, നഗ്നകളായ, കൊഞ്ചിക്കുഴഞ്ഞ് നടക്കുന്ന സ്ത്രീകൾ ഒരിക്കലും സ്വർഗത്തിൽ പ്രവേശിക്കുകയില്ല. അതിന്റെ സുഗന്ധം പോലും അവർ അനുഭവിക്കുകയില്ല; അഞ്ഞൂറു വർഷത്തെ വഴിദൂരം വരെ അതിന്റെ വാസന അനുഭവപ്പെടുമെങ്കിലും" (*മുവത്വ* 1421).

നേരിയതും ഉള്ളിലുള്ളത് നിഴലിച്ചു കാണുന്നതുമായ വസ്ത്രം സ്ത്രീ ധരിക്കാൻ പാടില്ലാത്തതാണ്. പരപുരുഷന്മാരെ വശീകരിക്കുന്ന എല്ലാവിധ സൗന്ദര്യ പ്രകടനങ്ങളിൽനിന്നും അവൾ മാറിനിൽക്കണം. വേഷവിധാനം പോലെത്തന്നെ പ്രധാനമാണ് സംസാരവും നടത്തവുമെല്ലാം. മാന്യമായ രീതിയിലും ശൈലിയിലും മാത്രമേ അന്യ പുരുഷന്മാരോട് ഇടപഴകാൻ പാടുള്ളൂ. ഖുർആൻ സത്യവിശ്വാസിനികളെ ഓർമിപ്പിക്കുന്നു: "നിങ്ങൾ കൊഞ്ചിക്കുഴഞ്ഞ് സംസാരിക്കരുത്; മനസ്സിൽ രോഗമുള്ളവരിൽ അത് പ്രലോഭനങ്ങൾ സൃഷ്ടിക്കും. നേരെ ചൊവ്വെ മാത്രം വർത്തമാനം പറയുക" (33:32). തന്റെ സൗന്ദര്യത്തിലേക്ക് ശ്രദ്ധ ആകർഷിക്കാൻ കാലുകൾ നിലത്തടിച്ചു നടക്കുന്നതിനെയും ഖുർആൻ വിമർശിച്ചിട്ടുണ്ട് (24:31).

വസ്ത്രം ധരിച്ച 'നഗ്ന സ്ത്രീകളു'ടെ തലകൾ ഒട്ടകത്തിന്റെ പൂഞ്ഞകളോടാണ് ഉപമിക്കപ്പെട്ടിരിക്കുന്നത്. ഒരു ആധുനിക പണ്ഡിതൻ നൽകിയ വിശദീകരണം: "തലയുടെ മധ്യത്തിൽ മുടി ഉയർത്തിക്കെട്ടി വെക്കുന്നതിനാലാണ് നബി(സ) ഇത്തരം സ്ത്രീകളെ ഒട്ടകങ്ങളുടെ പൂഞ്ഞകളോട് ഉപമിക്കുന്നത്. സ്ത്രീകളുടെ മുടി നിരയൊപ്പിക്കാനും രൂപവൈവിധ്യം വരുത്താനും ഇന്ന് ഹെയർ ഡ്രസ്സിംഗ് സലൂണുകൾ വ്യാപകമാണല്ലോ. വളരെ കൂടുതൽ പ്രതിഫലം വാങ്ങി പലപ്പോഴും പുരുഷന്മാരായിരിക്കും ഇതൊക്കെ ചെയ്തുകൊടുക്കുക. സുന്ദരിയും മോഹിനിയും മനോഹരിയുമായി ത്തീരാൻ, കൂടുതൽ കേശമുണ്ടെന്ന് തോന്നിപ്പിക്കാൻ വേണ്ടിയാണിത്. അല്ലാഹു പ്രകൃത്യാ നൽകിയ മുടി കൊണ്ട് അവർ തൃപ്തരല്ല. ഈ കൃത്രിമ കേശാലങ്കാരയുഗത്തെ വളരെ മുമ്പേ പ്രവാചകൻ നോക്കിക്കണ്ടതുപോലെ തോന്നുന്നു!" (*അൽ ഹലാലു വൽ ഹറാമു ഫിൽ ഇസ്ലാം* പേജ് 84).

രാഷ്ട്രീയ ഏകാധിപത്യത്തെയും സാംസ്കാരിക അധഃപതനത്തെയും ചേർത്ത് പറഞ്ഞിരിക്കുന്നു എന്നതാണ് ഈ നബിവചനത്തിന്റെ മറ്റൊരു പ്രത്യേകത. ജനങ്ങളെ അടിമകളാക്കിവെക്കാനും പൊതുപ്രശ്നങ്ങളിൽനിന്ന് അവരുടെ ശ്രദ്ധ തിരിക്കാനും എക്കാലത്തെയും ഏകാധിപതികൾ കുത്തഴിഞ്ഞ ലൈംഗികതയെ പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. വിനോദത്തിന്റെയും സ്പോർട്സിന്റെയുമൊക്കെ മറവിലായിരിക്കും ഇത് അരങ്ങേറുക. അധികാരിവർഗങ്ങളുടെ ഈ കുതന്ത്രത്തെ കരുതിയിരിക്കണമെന്ന് ഉണർത്തുക കൂടി ചെയ്യുന്നു ഈ ഹദീസ്. ■

**ജഅ്ഫർ എളമ്പിലാക്കോട്**

ഇമാം മുസ്ലിം, അഹ്മദ്, മാലിക്, ബൈഹഖി, ഇബ്നു ഹിബ്ബാൻ, അബൂയഅ്ല തുടങ്ങിയവർ പ്രബലമായ സനദോടെ ഉദ്ധരിച്ചത്. *മുസ്നദ് അബീയഅ്ല*യിൽ 'ഈ രണ്ടുവിഭാഗവും എന്റെ സമുദായത്തിൽ പെട്ടവരായിരിക്കും' എന്നുകൂടിയുണ്ട്.